നം.കെ.എസ്.എ.പി.റ്റി.എ./പി7/1128/17 തീയതി: **5.10.2017**

<u>പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

***(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)***

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 06.10.2016മുതൽ 22.08.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 8എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.08.2017- 31.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.ജോർജ്ജ്.പി.മാത്യൂ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ.അരുൺ.പി.ബി, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സുനിൽകുമാർ.യു.എസ്, ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.റ്റി.എബ്രഹാം | 01.04.2016-31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.മുകുന്ദൻ.വി | 01.04.2016-31.03.2017 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-**1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മിനിറ്റ്സ് ബുക്ക്- അപാകതകൾ | 1-11 |
| 12 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ഗുരുതരമായ വീഴ്ചകൾ | 1-12 |
| | ഭാഗം-**2** | |

| | | |
|---|---|---|
| 13 | നിയമവിരുദ്ധമായി കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി | 2-1 |
| 14 | തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക്അക്കൗണ്ടുകൾ | 2-2 |
| 15 | ഡി ആന്റ് ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ | 2-3 |
| 16 | തൊഴിൽനികുതി പിരിവിൽ അപാകത | 2-4 |
| 17 | ലേലം- സർക്കാർ ഖജനാവിൽ ഒടുക്കുവരുത്തേണ്ട തുക തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 2-5 |
| | ഭാഗം-**3** | |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിയിൽ അപാകതകൾ | 3-1 |
| 19 | പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി വാഹനവാടകയ്ക്കായി അധികം തുക ചെലവഴിച്ചു | 3-2 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി-ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല | 3-3 |
| 21 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് ചെലവഴിച്ചു | 3-4 |
| 22 | വികസനഫണ്ട് വകമാറ്റി ചെലവഴിച്ചു- ഗുരുതരമായ അപാകത | 3-5 |
| 23 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ കൈമാറിയിട്ടില്ല | 3-6 |
| 24 | ശുചിത്വമിഷൻ ഫണ്ട് പാഴായി | 3-7 |
| 25 | ടെണ്ടർ ക്ഷണിക്കാതെ ലേസർ പ്രിന്റർ, ഫോട്ടോകോപ്പി മെഷീൻ എന്നിവ വാങ്ങി | 3-8 |
| 26 | പൊതുടാപ്പുകളുടെ വെള്ളക്കരം യഥാസമയം ഒടുക്കുന്നില്ല | 3-9 |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-10 |
| 28 | അനുപൂരക പോഷകാഹാര പരിപാടിക്ക് കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്നു | 3-11 |
| 29 | ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല-തുടർനടപടി സ്വീകരിച്ചിട്ടില്ല | 3-12 |
| 30 | ആശുപത്രികൾക്ക് മരുന്നുവാങ്ങൽ– മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 3-13 |
| 31 | ഓ.ഡി.എഫ്- കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല | 3-14 |
| 32 | അട്ടക്കുളം പുത്തൻപുരപ്പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം-റീട്ടെൻഷൻ തുക തനതുഫണ്ടിൽ നിക്ഷേപിച്ചില്ല | 3-15 |

| | | |
|---|---|---|
| 33 | മരാമത്ത് പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-16 |
| 34 | മരാമത്തുപ്രവൃത്തികൾ - ഉത്തരവുകൾ പാലിക്കുന്നില്ല - രേഖകൾ അപൂർണ്ണം | 3-17 |
| | ഭാഗം-4 | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി, തീരുമാന നം. | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| 2016-17 | 1/ 29.2.16 | ബജറ്റ് റിവൈസ് ചെയ്തിട്ടില്ല |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 18815081 | 4180181 | -14634900 | 77.8 |
| വരവ് | 84072000 | 33331836 | -50740164 | 60.4 |
| ആകെ | 102887081 | 37512017 | -65375064 | 63.5 |
| ചെലവ് | 99539451 | 33101133 | -66438318 | 66.7 |
| നീക്കിയിരിപ്പ് | 3347630 | 4410884 | +1063254 | 31.8 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ്-1 പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്കായി ഓരോ വർഷവും ജനുവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. 2016-17 വർഷത്തെ ബജറ്റ് 26.2.16-ലെ ധനകാര്യകമ്മിറ്റി കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 29.2.16-ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

യാഥാർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയതെന്ന് തുകകളിലെ ഭീമമായ അന്തരം വ്യക്തമാക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 19.06.2017 |

# 1-3 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. ഷെഡ്യൂൾ–B-4:- താഴെ പറയുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| Grants, funds & contributions for specific purpose-Other central Govt. grants- Other grants | 996000 |
| Grants, funds & contributions for specific purpose-Other than Development fund & state sponsered | 18000 |
| Grants from Suchithwa Mission | 258000 |
| Contributions for Joint venture projects-from Dist.Panchayat | 3750 |

ഇതിൽ, 18000രൂപ, 258000രൂപ എന്നിവയുമായി ബന്ധപ്പെട്ട വരവ്, ചെലവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 996000രൂപ, 3750രൂപ എന്നീ തുകകൾ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകളാണ്. ഇവ ഏത് ആവശ്യത്തിനായി ലഭിച്ചതാണെന്നും, നാളിതുവരെ ചെലവഴിക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

2. B-5 : ഇ.എം.എസ് ഭവനപദ്ധതി ലോൺ തുക 2896172രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. രജിസ്റ്ററിൽ 2016-17-ലെ ബാലൻസ് തുകയായി എഴുതിയിരിക്കുന്നത് Principal-2126500 രൂപയും, Interest-705293രൂപയുമാണ്.

3. B-7, RP-34,: ഡെപ്പോസിറ്റ് കൃത്യമായി എഴുതി ക്ലോസ് ചെയ്യുകയോ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
4. B-11: Fixed Assets- Buildings-405532രൂപ കാണിച്ചിരിക്കുന്നു. എന്നാൽ Old buildings- ന്റെ depreciation കുറവു ചെയ്തിട്ടില്ല. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല(സ്റ്റോക്ക് മുന്നിരിപ്പ്, തൻ വർഷത്തെ സ്റ്റോർ പർച്ചേസിന്റെ മൂല്യം, ക്ലോസിംഗ് സ്റ്റോക്ക് മുതലായ വിവരങ്ങൾ). 8.8.12-ലെ സ.ഉ.(കൈ) നം.212/12/ത.സ്വ.ഭ.വ- ഉത്തരവു പ്രകാരം എല്ലാ ആസ്തികളുടെയും തേയ്മാനം കുറവു ചെയ്ത് കൃത്യമായ ആസ്തി മൂല്യം കണക്കാക്കിയിട്ടില്ല.
5. B-15, RP-43, I-1 : വസ്തുനികുതി തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6. B-16: Pre-paid programme expense ഇനമായി കാണിച്ചിരിക്കുന്ന 2896172 രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
7. B-17, RP-40(b) : ആനിക്കാട് SCB, ട്രഷറി TSB എന്നീ തനതുഫണ്ട് അക്കൗണ്ടുകളുടെ ബാലൻസ് തുകകളുടെ റെക്കൺസലിയേഷൻ നടത്തി കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അക്കൗണ്ട് ബാലൻസ് തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | എ.എഫ്.എസ് പ്രകാരം | പാസ് ബുക്ക് പ്രകാരം |
|---|---|---|
| SCB | 10,28,780 | 12,06,131 |
| Treasury TSB | 21,92,352 | 30,04,652 |

8. RP-1, I-1 : തൊഴിൽ നികുതി- തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. രജിസ്റ്ററിലെ തുകകളും AFS-ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9.RP-5 : ലേലം വരവായി കാണിച്ചിരിക്കുന്ന 224553രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ഈയിനത്തിന്റെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

10.RP-10: ഓഡിറ്റ് റിക്കവറി ഇനത്തിൽ 13221രൂപ വരവു കാണിച്ചിരിക്കുന്നു. ഇതിന്റെ കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. രസീത് നം. 11605102402/22.2.17- പ്രകാരം മുൻ സെക്രട്ടറി ശ്രീ.ബാബുരാജ് ഓഡിറ്റ് റിക്കവറിയിനത്തിൽ ഒടുക്കിയ 1800രൂപ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഹെഡ്സ് മാറിയാണ് സാംഖ്യയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

11. RP-31, I-6 : NREGS തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. NREGS കാഷ്ബുക്ക് പ്രകാരം EFMS- 8951915 രൂപ ഉൾപ്പെടെ തൻവർഷത്തെ ആകെ ചെലവ് 9374259രൂപയാണ്. AFS-ൽ കാണിച്ചിരിക്കുന്ന തുക 9480606രൂപയാണ്.

12. I-14(d) : പെൻഷൻ തുകകൾ ഓൺ ലൈൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവു തുകകളുമായി പൊരുത്തപ്പെടുന്നില്ല.

13. പ്രൊജക്ട് നം.S.87/17-പ്രകാരം വകയിരുത്തിയ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന 35000രൂപ തെറ്റായി വികസനഫണ്ടിൽ നിന്നുമാണ് പിൻവലിച്ച് ചെലവഴിച്ചത്. ആയത് ട്രഷറിയുമായി ബന്ധപ്പെട്ട് ക്രമീകരിക്കേണ്ടതാണ്.

14. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലേയും പദ്ധതി നിർവ്വഹണ ചെലവുപത്രികയിലേയും

ചെലവു തുകകളിൽ പലതിലും വ്യത്യാസമുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവുപത്രിക പ്രകാരം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം |
|---|---|---|
| വികസനഫണ്ട്(എസ്.സി.പി) | 18,11,710 | 22,44,430 |
| കെ.എൽ.ജി.എസ്.ഡി.പി | 12,11,184 | 13,07,166 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 9,88,100 | 12,88,397 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 71,91,639 | 78,44,246 |

കൂടാതെ, തൻവർഷം രണ്ട് പ്രൊജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,81,250 രൂപ ലഭിച്ചിരുന്നുവെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ 2,00,000രൂപ മാത്രമേ വരവു കാണിച്ചിട്ടുള്ളൂ.

വാർഷിക കണക്കിൽ ഇത്രയേറെ അപാകതകൾ സംഭവിച്ചിരിക്കുന്നത് ഗൗരവപൂർവ്വം ഓഡിറ്റിൽ വീക്ഷിക്കുന്നു. ബന്ധപ്പെട്ട അക്കൗണ്ടന്റിന്റേയും സെക്രട്ടറിയുടേയും ഭാഗത്തു നിന്നുള്ള വീഴ്ച ഭരണവകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

വാർഷിക കണക്കിലെയും അനുബന്ധ രേഖകളിലേയും അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 4180181 |
| വരവ് | 33331836 |
| ആകെ | 37512017 |
| ചെലവ് | 33101133 |
| നീക്കിയിരിപ്പ് | 4410884 |

# 1-5 വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | ബാലൻസ് | ചെലവുശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 6679066 | 6679066 | 6655729 | 23337 | 99.7 |
| വികസനഫണ്ട് (എസ്.സി.പി) | 3413781 | 3413781 | 1811710 | 1602071 | 53.1 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (റ്റി.എസ്.പി) | 100851 | 100851 | 50000 | 50851 | 49.6 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 3746063 | 3746063 | 3342898 | 403165 | 89.2 |
| ലോക ബാങ്ക് സഹായം | 21975435 | 21975435 | 1211184 | 20764251 | 5.5 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 9657411 | 9657411 | 7191639 | 2465772 | 74.5 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2554755 | 2554755 | 988100 | 1566655 | 38.7 |

(*19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയി.ഗ്രാന്റ് എന്നിവയുടെ നീക്കിയിരിപ്പ് തുകകൾ ലാപ്സാകുന്നു.)

വികസനഫണ്ട് (എസ്.സി.പി, റ്റി.എസ്.പി), ലോകബാങ്ക് ധനസഹായം, റോഡിതര സംരക്ഷണഗ്രാന്റ് എന്നിവയുടെ ചെലവ് തൃപ്തികരമല്ല. ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല. തനത് വരുമാനത്തിലുള്ള കുറവ് മൂലം ഗ്രാമപഞ്ചായത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഈ സാഹചര്യത്തിൽ, ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (ബഹുവർഷ പ്രോജക്ടുകൾ) | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 155 | 6,24,65438 | 103 | 2,35,80746 | ഇല്ല | 52 |

<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>

| വികസന മേഖല | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| ഉല്പാദനം | 4635868 | 1564835 |
| സേവനം | 37564020 | 9692303 |
| പശ്ചാത്തലം | 20265550 | 12323608 |

# 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 1502261 | 401490 | -1100771 |
| നികുതിയേതര വരവുകൾ | 278136 | 302028 | 23892 |
| മറ്റ് വരവുകൾ | 356195 | 252958 | -103237 |
| ആകെ | 2136592 | 956476 | -1180116 |

തനത് വരവിൽ മുൻവർഷത്തേ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ട്. നികുതികൾ യഥാസമയം പിരിച്ചെടുക്കേണ്ടതും തനതുവരുമാനം വർദ്ധിപ്പിക്കാൻ ആത്മാർത്ഥമായ ശ്രമം ഉണ്ടാകേണ്ടതുമാണ്.

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 234 | 1855220 |
| വിധവാ പെൻഷൻ | 368 | 3134110 |
| വാർദ്ധക്യകാല പെൻഷൻ | 737 | 5452650 |
| വികലാംഗ പെൻഷൻ | 168 | 1430480 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 20 | 155860 |
| തൊഴിൽ രഹിത വേതനം | 10 | 19320 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2017-ൽ 03.45 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 4107രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.08.17-03.08.17 | 04/17, 05/17 | റിപ്പോർട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 15.11.2016 | 2011-12മുതൽ 2015-16വരെ | 12.01. 2017 |

ഓഡിറ്റ്

# 1-11 മിനിറ്റ്സ് ബുക്ക്- അപാകതകൾ

ഗ്രാമപഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ മിനിറ്റ്സ് ബുക്കിൽ താഴെ പറയുന്ന ഗുരുതരമായ അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1. പല ദിവസങ്ങളിലേയും മിനിറ്റ്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. 29.9.16-ലേയും 15.10.16 മുതൽ നാളിതുവരെയുള്ള മിനിറ്റ്സുകളും അദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് ഗുരുതരമായ അപാകതയാണ്. സാക്ഷ്യപ്പെടുത്താത്ത തീരുമാനങ്ങൾ അസാധുവാണ്.

2.പല തീരുമാനങ്ങളും അപൂർണ്ണമായി കാണുന്നു. തീരുമാനം നം.3(1)/30.6.16, 5(1)/9.11.16, 6/9.11.16, 9/9.11.16, 1(2)/9.1.17, 3/18.1.17, 5/18.1.17, 9/18.1.17, 1(1)/20.2.17, 2/18.3.17, 7/8.6.17, 2/15.6.17 എന്നീ തീരുമാനങ്ങൾ അപൂർണ്ണമാണ്. തീരുമാനങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താത്തത് തെറ്റായ നടപടിയാണ്.

3. തീരുമാന രജിസ്റ്ററും ശരിയായ രീതിയിലല്ല എഴുതി സൂക്ഷിക്കുന്നത്. തീരുമാനങ്ങൾ തത്സമയം തന്നെ കാർബൺ വെച്ച് തീരുമാനരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, യോഗം അവസാനിച്ച ഉടൻ തന്നെ തീരുമാനങ്ങൾ വായിച്ച് രജിസ്റ്ററിൽ സെക്രട്ടറിയും അദ്ധ്യക്ഷനും ഒപ്പു വെയ്ക്കേണ്ടതുമാണ്. ചർച്ചകളുടെ വിവരങ്ങൾ സംബന്ധിച്ച് ഒരു കരട് തയ്യാറാക്കേണ്ടതും, ഈ കരട് മൂന്നു ദിവസത്തിനകം പൂർണ്ണരൂപത്തിലാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സെക്രട്ടറി സമർപ്പിക്കേണ്ടതുമാണ്. അദ്ധ്യക്ഷൻ അംഗീകരിച്ച മിനിറ്റ്സ് ഉടൻ തന്നെ മിനിറ്റ്സ് ബുക്കിൽ പകർത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങിക്കേണ്ടതുമാണ്.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-12 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ഗുരുതരമായ വീഴ്ചകൾ

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുത്തഴിഞ്ഞ നിലയിലാണ്. കണക്കുകൾ കൃത്യമായി കൈകാര്യം ചെയ്യേണ്ടതായ അക്കൗണ്ടന്റിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അലംഭാവം ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നു. വൗച്ചറുകൾ ശരിയായ രീതിയിൽ ക്രമീകരിച്ചിട്ടില്ല. വൗച്ചർ നമ്പറുകളുടെ ക്രമത്തിൽ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല എന്നു മാത്രമല്ല, ബിൽ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയും കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. പഞ്ചായത്തിലെ വരവിനേയും ചെലവിനേയും കുറിച്ച് യാതൊരു ധാരണയുമില്ലാത്ത അവസ്ഥയാണ്.

രജിസ്റ്ററുകൾ കൃത്യമായി എഴുതുന്നതിനും അത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനും ജീവനക്കാരുടെ ഭാഗത്തുനിന്നും മന:പൂർവ്വമായ അനാസ്ഥയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാണ്. ജോലികൾ സൂപ്പർവൈസ് ചെയ്യേണ്ടതായ ഉദ്യോഗസ്ഥരും തങ്ങളുടെ ചുമതലകൾ ശരിയാംവണ്ണം ചെയ്തിട്ടില്ല.

ഇൻകുമ്പെൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിന്റെ പരിപാലനം സംബന്ധിച്ച് 3.7.09-ലെ 702217/എ.എ.3/09/ത.സ്വ.ഭ.വ- നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ജീവനക്കാരുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും മേൽവിലാസവും ഫോൺ നമ്പരും ഉൾപ്പെടെയുള്ള വിവരങ്ങൾ കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കണം എന്ന നിർദ്ദേശത്തിന് യാതൊരു പ്രാധാന്യവും നൽകിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ടപ്പോൾ കൃത്യമായും പൂർണ്ണമായുമുള്ള വിവരങ്ങൾ അവസാനദിവസം വരെയും ലഭ്യമാക്കിയില്ല എന്നതും, പല അന്വേഷണങ്ങൾക്കും മറുപടി ലഭിച്ചില്ല എന്നതും ഗ്രാമപഞ്ചായത്തിലെ സൂപ്പർവൈസറി ജീവനക്കാർക്ക്(സെക്രട്ടറി,ഹെഡ്ക്ലർക്ക് മുതലായവർ) ഓഡിറ്റിനോടുള്ള സമീപനം വ്യക്തമാക്കുന്നു.

ഫ്രണ്ട് ഓഫീസ് സംവിധാനവും തൃപ്തികരമല്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ജി.ഓ.(എം.എസ്)123/2009/ത.സ്വ.ഭ.വ/തീയതി 2.7.09-പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന വരവു തുകകൾ ശരിയായ ഹെഡ് ഓഫ് അക്കൗണ്ടിൽ വരവു വയ്ക്കുന്നതിൽ ഗുരുതരമായ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ഗുരുതരമായ വിഷയങ്ങൾ ഭരണസമിതിയുടെയും സെക്രട്ടറിയുടേയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽ പെടുത്തുന്നു. അപാകതകൾ പരിഹരിക്കാനായി സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിയമവിരുദ്ധമായി കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207-ൽ പരാമർശിച്ചിട്ടുള്ള വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളെ, 203-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന വസ്തുനികുതിയിൽ നിന്നും 200-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിനും സർക്കാരിന്റെ അനുവാദത്തോടുകൂടി ഗ്രാമപഞ്ചായത്തിനും, ആരുടെ ഉടമസ്ഥതയിലുമുള്ള ഏത് വിഭാഗം കെട്ടിടങ്ങളേയും ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള നികുതിയോ ഉപനികുതിയോ കരമോ നൽകേണ്ടതിൽ നിന്ന് ഒഴിവാക്കാവുന്നതാണ്. എന്നാൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി പരിഷ്കരിച്ചപ്പോൾ 207-ാം വകുപ്പിൽ പരാമർശിച്ചിട്ടില്ലാത്ത വിഭാഗത്തിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളെയും വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി.

| ക്രമ നം. | കെട്ടിടത്തിന്റെ ഉടമസ്ഥൻ | കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|
| 1 | സെന്റ് ജോസഫ് പള്ളി പാഴ്സനേജ്<br>വായ്പൂർ | VII/319 | 100m2 |
| 2 | എബ്രഹാം ജോൺ<br>ഇടപ്പറമ്പിൽ, ആനിക്കാട് | II/59 | 80 $m^2$ |
| 3 | ദേവീവിലാസം NSS കരയോഗ മന്ദിരം<br>നൂറോമ്മാവ് | X/97 | 30 $m^2$ |

| | | | |
|---|---|---|---|
| 4 | വിശ്വകർമ്മ സമാജം കരയോഗ കെട്ടിടം വായ്പൂർ | VII/20 | 30 $m^2$ |
| 5 | NSS കരയോഗ മന്ദിരം, വായ്പൂർ | VII/56 | 42 $m^2$ |
| 6 | ആരോഹണ മാർത്തോമപ്പള്ളി പാഴ്സനേജ് ആനിക്കാട് | XI/325 | 124 $m^2$ |
| 7 | CSI പള്ളി പാഴ്സനേജ്, നൂറോമ്മാവ് | XII/110 | 140 $m^2$ |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി വസ്തുനികുതിയിൽ ഇളവ് നൽകിയ മേൽ സ്ഥാപനങ്ങൾക്ക് അവയുടെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക അടക്കം ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26. 5. 2011ലെ സർക്കുലർ നം 58725/എഫ്.എം. 3/2008 പ്രകാരം തനതു വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ട് മാത്രമേ പാടുള്ളു. എന്നാൽ ഗ്രാമ പഞ്ചായത്ത് നിലവിൽ രണ്ട് അക്കൗണ്ടുകളിലായിട്ടാണ് തനതു വരുമാനം നിക്ഷേപിച്ചിട്ടുള്ളത്. ആനിക്കാട് സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്കിലും യൂണിയൻബാങ്കിലും ആണ് തനത് വരുമാനം നിക്ഷേപിക്കുന്നത്. തനതുഫണ്ടിനായി ഒരു ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തി ബാക്കി അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*(എ) ലൈസൻസ് ഇല്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു*

ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ആയതിന് അനുമതി ലഭിക്കുന്നതിനായി 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 6-ൽ നിർദ്ദേശിക്കുന്ന രീതിയിൽ, ഫോറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും, അപ്രകാരം അനുമതി ലഭിച്ചുകഴിഞ്ഞാൽ ചട്ടം 7 പ്രകാരം ഫാം നടത്തുന്നതിന് ലൈസൻസിനായി ഫോറം നമ്പർ 2-ൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ചാൽ അപേക്ഷകന് ഫോറം നമ്പർ 3-ൽ ലൈസൻസ് അനുവദിക്കേണ്ടതുമാണ്. കൂടാതെ അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്. കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012, ചട്ടം-3 പ്രകാരം ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യത ഉളവാക്കുന്ന പ്രവർത്തിയായിരിക്കുമെന്നതിനാൽ നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് 232- ാം വകുപ്പ് പ്രകാരം ലൈസൻസ് ആവശ്യമാണ്. എന്നാൽ ഇതിന് വിരുദ്ധമായി ചുവടെ ചേർക്കുന്ന വ്യക്തികൾ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ നടത്തുന്നുണ്ട്.

| *ഫാം നടത്തുന്ന വ്യക്തിയുടെ പേരും വിലാസവും* | *ഇനം* |
|---|---|
| സജി ഈപ്പൻ, മേലെതറയിൽ, ആനിക്കാട് | കന്നുകാലി ഫാം |
| ജിജി ഐസക്, മുട്ടശ്ശേരിൽ, ആനിക്കാട് | കന്നുകാലി ഫാം |

മേൽ പറഞ്ഞ ഫാമുകളിൽ സംരക്ഷിക്കപ്പെടുന്ന പക്ഷികളുടെ എണ്ണം, വളർത്തുന്നതിനാവശ്യമായ കുറഞ്ഞ സ്ഥല വിസ്തൃതി എന്നിവ ചട്ടം അനുശാസിക്കുന്ന പട്ടികകൾ പ്രകാരം നിജപ്പെടുത്തി ഫീസ് ഈടാക്കി ഫാം ലൈസൻസ് അനുവദിക്കുകയോ അല്ലാത്തപക്ഷം നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടാൽ അതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

ചുവടെ ചേർക്കുന്ന പൗൾട്രി ഫാമുകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെയാണ്.

1.കൊണ്ടൂർ ഫാം ഹൗസ്

2.പാമ്പാടി മണ്ണിൽ ഫാം ഹൗസ്

മേൽ സ്ഥാപനങ്ങൾ ഡി & ഓ ലൈസൻസിനുള്ള അപേക്ഷ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് നേടുന്നത് സംബന്ധിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നിലവിലുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ ലൈവ് സ്റ്റോക്ക് ഫാമുകൾ നടത്തുമ്പോൾ അവയിൽ നിന്ന് ഉത്ഭവിക്കുന്ന മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിനുള്ള ക്രമീകരണങ്ങൾ, രോഗങ്ങൾ പടരാതിരിക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ തുടങ്ങിയ കാര്യങ്ങളെ മുൻനിർത്തി, ഇത്തരം ഫാമുകൾ ആരംഭിക്കുന്നതിനും തുടർന്ന് നടത്തുന്നതിനും ഇവയുടെ രജിസ്ട്രേഷൻ നിർബന്ധമാക്കേണ്ടതാണ്.

*(ബി) <u>റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല</u>*

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ ഒന്നുംതന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. ഈ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 <u>തൊഴിൽനികുതി പിരിവിൽ അപാകത</u>

ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനത് വരുമാനമായ തൊഴിൽനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ശുഷ്കാന്തി പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്ററുകൾ പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

*(എ) <u>തൊഴിൽ നികുതി ഈടാക്കുവാൻ ബാക്കി നിൽക്കുന്നു</u>*

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് ഹൈസ്കൂളിലെ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരുടെ നിയമനം അംഗീകരിച്ചില്ല എന്ന കാരണത്താൽ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക |
|---|---|
| ശ്രീ.പ്രമോദ്.പി.എം | എച്ച്.എസ്.എ |
| ശ്രീമതി ത്രേസ്യാമ്മ ജോസ് | എച്ച്.എസ്.എ |
| ശ്രീമതി കുഞ്ഞുമോൾ.ജി | എഫ്.ടി.എം |

മേൽ ഉദ്യോഗസ്ഥരിൽ നിന്നും 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ തൊഴിൽ നികുതി, നിയമനം അംഗീകരിയ്ക്കുന്ന മുറയ്ക്ക് ഈടാക്കി തനത്ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

*(ബി) <u>ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല</u>*

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പുല്ലുകുത്തി, നൂറോമ്മാവ്, കുരുന്നുംവേലി എന്നീ

ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

*(സി) <u>സ്ഥാപനനികുതി ഈടാക്കിയില്ല</u>*

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷത്തെ സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

1.മാവേലിസ്റ്റോർ,ആനിക്കാട്

2.ആനിക്കാട് സർവ്വീസ് സഹകരണ ബാങ്ക്

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ സ്ഥാപനനികുതി ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികൾ സ്വീകരിച്ച് തുക ഈടാക്കാത്ത പക്ഷം നഷ്ടമാകുന്ന തുക ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

# 2-5 <u>ലേലം- സർക്കാർ ഖജനാവിൽ ഒടുക്കുവരുത്തേണ്ട തുക തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു</u>

ആനിക്കാട് ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ 23.12.2016-ന് ലേലം ചെയ്ത്, ജയപ്രകാശ് എന്ന വ്യക്തിക്ക് 167000/-രൂപയ്ക്ക് ലേലം സ്ഥിരപ്പെടുത്തികൊടുത്തിട്ടുണ്ട്. ലേല തുകയുടെ

14.5% വാറ്റിനത്തിൽ സർക്കാർ ഖജനാവിൽ ഒടുക്കുവരുത്തേണ്ടതാണ്. ലേല തുകയോടൊപ്പം നിയമാനുസരണമുള്ള മറ്റ് നികുതികളും (വനവികസന/വാറ്റ്നികുതി ഉൾപ്പെടെ)ചേർത്ത് 23.12.2016-ൽ 200776രൂപ ടിയാൻ തനത്ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. വാറ്റ് ഇനത്തിലുള്ള 24215രൂപയും, വനവികസന നികുതിയായ 9561രൂപയും ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുവരുത്താതെ തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംസ്ഥാനഫണ്ടിലേക്ക് ഒടുക്കുവരുത്തേണ്ട തുക തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിയിൽ അപാകതകൾ

പ്രൊഫഷണൽ കോഴ്സുകൾ, ബിരുദം, ഡിപ്ലോമ എന്നിവയ്ക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകൾ വാങ്ങി നൽകുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച സ്പിൽ ഓവർ പദ്ധതി പ്രകാരം (SO.058/17) കെൽട്രോണിൽ നിന്ന് എയ്സർ കമ്പനിയുടെ 28 ലാപ് ടോപ്പുകൾ, ഒന്നിന് 25000 രൂപ നിരക്കിൽ 700000 രൂപയ്ക്ക് (ബിൽ നം.26/16-17/18.02.17) വാങ്ങുകയും അവയിൽ 26 ലാപ് ടോപ്പുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ലാപ് ടോപ്പുകളുടെ വാങ്ങൽ, വിതരണം എന്നിവയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ, 04.09.2002-ലെ 2117/A3/2002/SPD നമ്പർ സർക്കുലർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2016-ലെ സ.ഉ.(സാധാ) നം.3299/16 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് എന്നിവ പ്രകാരം, കെൽട്രോൺ യൂണിറ്റിൽ നിർമ്മിക്കാത്ത ഉപകരണങ്ങളും സാധനങ്ങളും ടെണ്ടർ നടപടികൾ കൂടാതെ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയത് നിലവിലുള്ള സ്റ്റോർ പർച്ചേസ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

2. കെൽട്രോണിൽ നിന്ന് വാങ്ങിയ 28 ലാപ് ടോപ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും 26 ലാപ് ടോപ്പുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 2 ലാപ് ടോപ്പുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. അവ വിതരണം ചെയ്യാതിരുന്നതിന് കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 25.08.2017-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08) മറുപടി ലഭ്യമാക്കിയില്ല.

3. പദ്ധതിയുടെ ഭാഗമായി ലാപ് ടോപ്പ് ലഭിച്ചിട്ടുള്ള അനു മോഹൻ, ആനിക്കൽ, ആനിക്കാട്; സിന്ധു സുരേഷ്, തോപ്പിൽ, നൂറോമ്മാവ് എന്നിവർ 2016-ൽ കോഴ്സുകൾ പൂർത്തീകരിച്ചവരാണ്. ഇവർക്ക് 2017-ൽ ലാപ് ടോപ്പുകൾ വിതരണം ചെയ്തത് തെറ്റായ നടപടിയാണ്. പ്രൊഫഷണൽ കോഴ്സുകൾ, ബിരുദം, ഡിപ്ലോമ എന്നിവയ്ക്ക് പഠിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പുകൾ വാങ്ങിനൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. 2015-16 വർഷത്തെ പദ്ധതി നടപ്പാക്കാൻ കാലതാമസം വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും അലംഭാവം ഉണ്ടായിട്ടുണ്ട്. ഗുണഭോക്താവിന് യഥാസമയം ലാപ്പ്ടോപ്പ് നൽകാതിരുന്നതിന് സെക്രട്ടറിക്ക് ബാദ്ധ്യതയുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമല്ലാതെ അധികമായി ലാപ് ടോപ്പുകൾ വാങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല. അധികമായി വാങ്ങിയതും കോഴ്സ് പൂർത്തീകരിച്ചവർക്ക് നൽകിയതുമായ നാല് ലാപ് ടോപ്പുകളുടെ വിലയായി ചെലവഴിച്ച 100000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-2 പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി വാഹനവാടകയ്ക്കായി അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 5,65,000/- |
| ചെലവ് തുക | 5,65,000/- |

എ) 2016-17 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 5,65,000/-രൂപ വകയിരുത്തി പാലിയേറ്റീവ് കെയർ പരിചരണത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഹോംകെയർ ദിവസങ്ങളിലെ വാഹന വാടകയിനത്തിൽ പ്രതിദിനം 1200/- നിരക്കിൽ തൻവർഷം 2,30,400/-രൂപ ശ്രീ.സാജൻ ആന്റണി എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകളുടെ പകർപ്പുകൾ പ്രകാരം പദ്ധതിയുടെ ഭാഗമായി വാഹനം ഹോംകെയർ ദിവസങ്ങളിൽ എല്ലാം തന്നെ 45 കി.മീ താഴെ ദൂരം മാത്രമെ സഞ്ചരിച്ചിട്ടുള്ളു. ആയതിനാൽ ത.സ്വ.ഭ.വ 29.10.2015 ലെ 3217/2015 നമ്പർ ഉത്തരവ് പ്രകാരം നൽകാവുന്ന പരമാവധി ദിവസവാടക നിരക്കായ(ഹോം കെയർ ആരംഭിക്കുന്നതുമുതൽ അവസാനിക്കുന്നതുവരെയുള്ള ഒരു ദിവസത്തേക്ക്) 1000/-രൂപ മാത്രമെ വാഹനവാടകയിനത്തിൽ നൽകാൻ പാടുള്ളു. തൻവർഷം ഈയിനത്തിൽ 192 ദിവസത്തേക്ക് ആകെ 38400/-രൂപ അധികമായി നൽകിയിട്ടുണ്ട്. ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ വൗച്ചർ നം, തീയതി | ആകെ ബിൽ തുക | വാഹനവാടക ഇനത്തിൽ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 01/16-17/28.10.16 | 188700 | 103200 | 86000 | 17200 |
| 2 | 02/16-17/21.12.16 | 72200 | 43200 | 36000 | 7200 |
| 3 | 04/16-17/27.02.17 | 72200 | 43200 | 36000 | 7200 |
| 4 | 05/16-17/23.03.17 | 31900 | 20400 | 17000 | 3400 |
| 5 | ചെക്ക് നം-3038543/03.04.17 | 200000 | 20400 | 17000 | 3400 |

ആകെ **38400/-**

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09/16-17 തീയതി 24.08.17) ലഭ്യമാക്കിയ മറുപടിയിൽ വാഹനവാടകയും,വെയിറ്റിംഗ് ചാർജ് ഇനത്തിൽ നൽകിയ തുകയും കൂടി ചേർത്ത് 1200/-രൂപ നൽകിയെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ പദ്ധതിമാർഗരേഖയിലെ

ഖണ്ഡിക-2.6.5-ൽ 35-44 കിലോമീറ്ററിന് നൽകാവുന്ന പരമാവധി ദിവസ വാടക 1000/- രൂപ മാത്രമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാഹനം ഓട്ടുന്ന കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ വാടക നൽകുമ്പോൾ നൽകുമ്പോൾ മാത്രമെ വെയിറ്റിംഗ് ചാർജ് ഇനത്തിൽ തുക നൽകേണ്ടതുള്ളൂ. ഇവിടെ ഒരു ദിവസത്തെ വാടകയ്ക്കാണ് വാഹനം എടുത്തിട്ടുള്ളത്. അതിനാൽ വാഹന വാടകയിനത്തിൽ അധികം നൽകിയ 38400/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

*ബി) <u>പാലിയേറ്റീവ് കെയർ വാഹന വാടക-ക്വട്ടേഷൻ നടപടികളിലെ അപാകതകൾ</u>*

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഹോം കെയർ ടീമിന് ഭവന സന്ദർശനം നടത്തുവാൻ ദിവസ വേതനാടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിക്കുകയും നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കപ്പെട്ട 3 ക്വട്ടേഷനുകൾ 31.03.2016-ന് തുറന്ന് പരിശോധിക്കുകയും ചെയ്തു. ക്വട്ടേഷൻ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ക്വട്ടേഷനുകൾ തുറന്നു പരിശോധിച്ച നിർവ്വഹണ ഉദ്യോഗസ്ഥ, ഏത് ക്വട്ടേഷനാണ് സ്വീകരിക്കാവുന്നത് എന്ന് ശുപാർശ ചെയ്തിട്ടില്ല.
2. ക്വട്ടേഷനുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയ്ക്കും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനും സമർപ്പിച്ചിട്ടില്ല.

31.03.2016-ന് നടന്ന ക്വട്ടേഷൻ നടപടിയിൽ സ്വീകാര്യമായ ക്വട്ടേഷൻ ശുപാർശ ചെയ്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും പി.എം.സി-യുടേയും അംഗീകാരത്തിന് സമർപ്പിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. വാഹനം ദിവസവാടകയ്ക്ക് എടുക്കുന്നതിനായി നടത്തിയ ക്വട്ടേഷൻ നടപടിയ്ക്ക് പി.എം.സി-യുടെ അംഗീകാരം വാങ്ങാതിരുന്നതിനും തുടർന്ന് നടപടിക്രമങ്ങൾ പാലിക്കാതെ ഈയിനത്തിൽ ചെലവ് നടത്തിയതിനും ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-3 <u>കന്നുകുട്ടി പരിപാലന പദ്ധതി-ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല</u>

കന്നുകുട്ടി പരിപാലന പദ്ധതിയുടെ (SO.011/17) ഭാഗമായി വികസന ഫണ്ടിൽ നിന്ന് 150000 രൂപ 25.02.2017-ലെ ബിൽ നം.02/16-17 പ്രകാരം വെറ്ററിനറി സർജൻ പിൻവലിച്ച്, 24 ഗുണഭോക്താക്കളുടെ ഗ്രാമപ്പഞ്ചായത്ത് വിഹിതമായി പദ്ധതിയുടെ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഗുണഭോക്താക്കളിൽ താഴെപ്പറയുന്നവർ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | അനുവദിച്ച സബ്സിഡി |
|---|---|---|
| 1 | തങ്കമ്മ, കോട്ടയിൽ, പുന്നവേലി | 6250 |
| 2 | സുനിൽ കുമാർ, പത്മാലയം | 6250 |
| 3 | ഉഷാ നന്ദകുമാർ, ലതികാ സദനം, വായ്പൂർ | 6250 |
| 4 | ഓമന കൃഷ്ണൻകുട്ടി നായർ, കാവുങ്കൽ, നൂറന്മാവ് | 6250 |

| | | |
|---|---|---|
| 5 | രഘുനാഥൻ നായർ, ഇല്ലലയ്ക്കൽ, വായ്പൂർ | 6250 |
| 6 | തോമസ് വി.പി, വാഹനിൽ, പുന്നവേലി | 6250 |
| 7 | ഗോപാലകൃഷ്ണൻ നായർ, പുത്തൻപുരയ്ക്കൽ, പുന്നവേലി | 6250 |
| 8 | സുഷ ജോബി, മാവുങ്കൽ, ആനിക്കാട് | 6250 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 3(A)(c) പ്രകാരം ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന ഏതെങ്കിലും പദ്ധതിയ്ക്കുവേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടി വരുമ്പോൾ, നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകേണ്ട ചുമതല ഗ്രാമസഭകൾക്കാണ്. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള അധികാര സ്ഥാപനമല്ല പഞ്ചായത്തുകൾ എന്നും, ഗ്രാമസഭ കണ്ടെത്തിയ ഗുണഭോക്താക്കളെ അംഗീകരിക്കാനുള്ള ചുമതല മാത്രമെ പഞ്ചായത്തുകൾക്ക് ഉള്ളു എന്നും 04.04.1997 ലെ OP No-18175/1996L- നമ്പർ കേസിന്റെ വിധിയിൽ ബഹു.ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. വിവേചനപരമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഭരണഘടനയുടെ 14-ാം ആർട്ടിക്കിളിന്റെ ലംഘനമാണെന്നും ബഹു.ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കുവേണ്ടി ചെലവഴിച്ച 50000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണ്.

# **3-4** ധനകാര്യ കമ്മീഷൻ ഗ്രാന്റ്- സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് ചെലവഴിച്ചു

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റുകൊണ്ട് ലക്ഷ്യമിടുന്നത്. കുടിവെള്ള വിതരണം, ശുചിത്വം, ഖരമാലിന്യ പരിപാലനം, സാമൂഹിക ആസ്തികളുടെ സംരക്ഷണവും പരിപാലനവും, തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണവും പരിപാലനവും, നടപ്പാതകളുടേയും സ്ട്രീറ്റ് ലൈറ്റുകളുടേയും സംരക്ഷണവും പരിപാലനവും, ശ്മശാനങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കുവേണ്ടി മാത്രമായിരിക്കണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടതെന്ന് സ.ഉ(എം.എസ്) നം.04/2016 ത.സ്വ.ഭ.വ തീയതി 11.01.16 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിശദാംശങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 1 | കുടിവെള്ള കിണറിന് ചുറ്റുമതിൽ (S0 087/17) | 115000 |
| 2 | സ്കൂൾ കുട്ടികൾക്ക് സ്പോർട്സ് കിറ്റ് വാങ്ങൽ(S0 027/17) | 12000 |

| | | |
|---|---|---|
| 3 | ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ (S0 053/17) | 41420 |
| ആകെ | | **168420** |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് ഓഡിറ്റിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(നം.7/25.8.17) മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യകമ്മീഷൻഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിനാൽ ചെലവ് തുക 168420/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 വികസനഫണ്ട് വകമാറ്റി ചെലവഴിച്ചു- ഗുരുതരമായ അപാകത

വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന 'കിണർ ചുറ്റമതിൽ നിർമ്മാണം' എന്ന പ്രൊജക്ട് (നം.S.87/17) പ്രകാരം അടങ്കൽ തുക 195000രൂപയായിരുന്നു(ധനകാര്യ കമ്മീഷൻ ഗ്രാന്റ്). എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അലോട്ട്മെന്റ് നം.81/28.3.17 പ്രകാരം 7 പേർക്കുള്ള ധനസഹായം 35000രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതിനു പകരം വികസനഫണ്ടിൽ നിന്നുമാണ് അനുവദിച്ചതും, വി.ഇ.ഒ പിൻവലിച്ചതും. ആയത് ഗുരുതരമായ അപാകതയാണ്. ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി ചെലവ് ക്രമീകരിക്കുന്നതിന് 12.5.17- ൽ മല്ലപ്പള്ളി സബ്-ട്രഷറി ഓഫീസർക്ക് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ക്രമീകരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതും ഫണ്ട് ക്രമീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

# 3-6 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ കൈമാറിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്കും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി (SO.169/17) വികസന ഫണ്ടിൽ നിന്ന് 148000 രൂപ (ബിൽ നം.28/16-17/18.02.17) ചെലവഴിച്ച് ടെണ്ടർ നടപടി മുഖേന, ലോവ കമ്പ്യൂട്ടേഴ്സ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്ന് 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും 2 ലേസർ പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്. ഇവ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ഇവ നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. വിട്ടുകിട്ടിയ സ്ഥാപനത്തിനുവേണ്ടി വാങ്ങിയ കമ്പ്യൂട്ടർ 6 മാസമായിട്ടും ആ സ്ഥാപനത്തിന് നൽകാതെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 25.08.2017-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10) മറുപടി ലഭ്യമാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ ആ ഓഫീസിന് കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-7 ശുചിത്വമിഷൻ ഫണ്ട് പാഴായി

ഉറവിട മാലിന്യ സംസ്കരണത്തിന് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി ശുചിത്വമിഷനിൽ നിന്ന് 02.05.2013-ൽ 724890 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. എന്നാൽ ഈ തുക

ഉപയോഗിച്ച് മാലിന്യ സംസ്കരണത്തിനായി യാതൊരു പദ്ധതികളും ഗ്രാമപഞ്ചായത്ത് രൂപീകരിയ്ക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തില്ല. ഗ്രാമപഞ്ചായത്തുകളെ ഓ.ഡി.എഫ് ആയി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ടോയിലറ്റ് നിർമ്മാണത്തിന് അധികതുക കണ്ടെത്തുന്നതിന്, മാലിന്യ സംസ്കരണത്തിനായി നൽകിയ തുകയിൽ ഗ്രാമപഞ്ചായത്തുകളിൽ ചെലവഴിക്കാതെ അവശേഷിച്ച തുക ശുചിത്വമിഷന് കൈമാറുവാൻ 01.06.2016-ൽ ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ നം.98/12/DSM/PTA നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. 02.05.2013-ൽ ലഭിച്ച തുക ഉപയോഗിച്ച് ബന്ധപ്പെട്ട മേഖലയിൽ പദ്ധതികൾ രൂപീകരിച്ച് ചെലവഴിച്ചിട്ടില്ലാത്തതിനാൽ 30.06.2016-ൽ ഡി.ഡി.നമ്പർ 424798 പ്രകാരം 724890 രൂപ പൂർണ്ണമായി ശുചിത്വമിഷന് തിരികെ നൽകേണ്ടി വന്നു. ഉറവിട മാലിന്യ സംസ്കരണത്തിനായി അനുവദിച്ച തുക ചെലവഴിക്കാതെ പൂർണ്ണമായി തിരികെ നൽകേണ്ടി വന്നത് ടി കാലയളവിലെ സെക്രട്ടറിമാരുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള കെടുകാര്യസ്ഥതയും, നിരുത്തരവാദിത്വവുമാണ്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 25.08.2017-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉറവിട മാലിന്യ സംസ്കരണത്തിന് ചെലവഴിക്കുവാൻ ലഭിച്ച തുക ലാപ്സാക്കിയതിന് അടിയന്തിരമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 ടെണ്ടർ ക്ഷണിക്കാതെ ലേസർ പ്രിന്റർ, ഫോട്ടോകോപ്പി മെഷീൻ എന്നിവ വാങ്ങി

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ആവശ്യത്തിനായി രണ്ട് ലേസർ പ്രിന്ററുകൾ, ഒരു ഫോട്ടോകോപ്പി മെഷീൻ എന്നിവ വാങ്ങുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി രൂപീകരിച്ച് (SO 024/17) 106400രൂപ (ചെക്ക് നം.108773/08.11.16) തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച് കെൽട്രോണിൽ നിന്ന് ടി ഉപകരണങ്ങൾ നേരിട്ട് വാങ്ങിയിട്ടുണ്ട്. 18.03.2016-ലെ സ.ഉ.1278/16 /ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് അധിഷ്ഠിത ഉപകരണങ്ങളുടെ പർച്ചേസ്, റിപ്പയറിംഗ് എന്നിവ ഐ.കെ.എം-നെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ സ്പഷ്ടീകരണം ലഭിക്കും വരെ ടെണ്ടർ വിളിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാവുന്നതാണെന്ന് 18.01.2017-ലെ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ 2.3-നമ്പർ തീരുമാനപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ, 02.12.2016-ലെ സ.ഉ.(സാധാ)നം.3299/16/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് എന്നിവ പ്രകാരം, കെൽട്രോൺ യൂണിറ്റിൽ നിർമ്മിക്കാത്ത ഉപകരണങ്ങളും സാധനങ്ങളും ടെണ്ടർ നടപടികൾ കൂടാതെ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുമില്ല. ഈ സാഹചര്യത്തിൽ ഫോട്ടോകോപ്പി മെഷീൻ, ലേസർ പ്രിന്റർ എന്നിവ ടെണ്ടർ നടപടി കൂടാതെ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല. ആയതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്ന ഫോട്ടോകോപ്പി മെഷീൻ ഉപയോഗശൂന്യമായതിനാൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. പുതിയ ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ച സമയത്ത് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തെക്കൊണ്ട് ഇതിന്റെ വില നിർണ്ണയിച്ച്, ബൈ ബാക്ക് പോളിസി പ്രകാരം സാധനം കൈമാറ്റം ചെയ്യുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നില്ല. ആയതിനാൽ, പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട്, ഉപയോഗശൂന്യമായ ഫോട്ടോകോപ്പി മെഷീന്റെ വില നിർണ്ണയിച്ച് അത് ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 പൊതുടാപ്പുകളുടെ വെള്ളക്കരം യഥാസമയം

## ഒടുക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2012-ലെ സ.ഉ(സാ).1583/12 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വെള്ളക്കരം കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, യഥാസമയം ബിൽ തുക ഒടുക്കാതെ പിഴപ്പലിശ അടയ്ക്കേണ്ടി വന്നാൽ പ്രസിഡന്റിന്റെയോ സെക്രട്ടറിയുടെയോ അഥവാ രണ്ടു പേരുടെയോ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്ന് (തുക സംഭരിക്കാൻ കഴിയാതിരുന്നാൽ സെക്രട്ടറിയുടെ ബാധ്യത, തുക ഉണ്ടായിരുന്നിട്ടും അനുവദിക്കാതിരുന്നാൽ പ്രസിഡന്റിന്റെ ബാധ്യത) 10.01.1996-ലെ 44485/B3/ 95/LSGD-നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 31.01.2017-വരെയുള്ള വെള്ളക്കര കുടിശ്ശിക 77,07,009 രൂപയാണ്. പ്രതിമാസമുള്ള വെള്ളക്കരം യഥാസമയം ഒടുക്കാതിരിക്കുന്നത് മൂലമാണ് ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ അധിക ബാധ്യത ഉണ്ടായിട്ടുള്ളത്. 293 ടാപ്പുകൾക്ക് പ്രതിമാസം 128188രൂപ വീതമാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്യുന്നത്. കുടിശ്ശിക തുകയ്ക്ക് 2ശതമാനം ഫൈൻ ഉൾപ്പെടെയുള്ള തുകയും ചേർത്താണ് ഓരോ മാസവും ഡിമാന്റ് ചെയ്യുന്നത്. യഥാസമയം തുക ഒടുക്കാൻ വീഴ്ച വരുത്തിയതിനാലാണ് ഇത്രയും ഉയർന്ന തുക കുടിശ്ശിക ആയിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷം, വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം. SO.036/17 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി 190000രൂപ മാത്രമാണ് വെള്ളക്കരം ഇനത്തിൽ ഒടുക്കുവരുത്തിയിട്ടുള്ളത്. പൊതു ടാപ്പുകളുടെ വെള്ളക്കരം യഥാസമയം ഒടുക്കാതിരിക്കുന്നതിന് ഓഡിറ്റിൽ വിശദീകരണം നൽകേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗയോഗ്യമായ പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഫൈൻ ഇനത്തിലുള്ള തുക ഒഴിവാക്കുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക തുക പിഴപ്പലിശ സഹിതം ഒടുക്കുവാൻ ഇടയായാൽ ഉത്തരവാദികളായവരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

# **3-10** വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ, താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടി വിവിധ സ്ഥാപനങ്ങളിൽ നൽകിയ തുകകളുടെ വിനിയോഗ വിവരവും പദ്ധതികളുടെ പൂർത്തീകരണ വിവരവും ലഭ്യമല്ല.

| ക്രമ നം | പദ്ധതിയുടെ വിവരം | ചെലവഴിച്ച തുക | നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | പി.എച്ച്.സി സബ് സെന്ററുകൾക്ക് കുടിവെള്ളം ലഭ്യമാക്കൽ, S0 037/17 | 50000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) Bill No.44/16-17 /30.03.17 | കേരള വാട്ടർ അതോറിറ്റി പി.എച്ച് സെക്ഷൻ, തിരുവല്ല |
| 2 | പി.എം.എ.വൈ അധിക വിഹിതം S0 014/17 | 200000 (വികസന ഫണ്ട്) Bill No.16/16-17 | ബ്ലോക്ക് പഞ്ചായത്ത് മല്ലപ്പള്ളി |

| | | | |
|---|---|---|---|
| | | /20.12.16 | |
| 3 | ഐ.കെ.എം വിഹിതം നൽകൽ<br>S0 023/17 | 30513 (വികസന ഫണ്ട്)<br>Bill No.31/16-17 /06.03.17 | ഐ.കെ.എം |
| 4 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം<br>S0 174/17 | 44105 (വികസന ഫണ്ട്)<br>Bill No.32/16-17 /06.03.17 | സാമൂഹ്യ സുരക്ഷാ മിഷൻ |
| ആകെ | | **324618** | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 324618 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-11 അനുപൂരക പോഷകാഹാര പരിപാടിക്ക് കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്നു

അങ്കണവാടി കേന്ദ്രങ്ങളിലൂടെ അനുപൂരക പോഷകാഹാര പരിപാടിക്കായി ചെലവഴിക്കുന്ന തുകയുടെ 50%, 2005-06 മുതൽ നിബന്ധനകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നുണ്ട്. ഇപ്രകാരം കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുക ദേശസാത്കൃത ബാങ്ക് അക്കൗണ്ടിൽ പ്രത്യേകം സൂക്ഷിച്ച് അതിൽനിന്നും ചെലവഴിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

03.09.2010-ലെ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ അനുസരിച്ച് അനുപൂരക പോഷകാഹാര പരിപാടിക്കുവേണ്ടി ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയോഗിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക ഉത്തരവിനു വിരുദ്ധമായി തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കേന്ദ്രവിഹിതത്തിന്റെ വരവ് ചെലവ് കണക്കുകൾ അപ്രോപ്രയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അങ്കണവാടികളുടെ വികസനത്തിനുവേണ്ടി ചെലവഴിക്കേണ്ട തുക പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-12 ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല-തുടർനടപടി സ്വീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം- | 44/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

| | |
|---|---|
| ചെലവുവിവരം | ബിൽ നം-06/16-17 തീയതി- 24.03.2017 |

2016-17 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 100000/-രൂപ വകയിരുത്തി പി.എച്ച്.സി-യ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി പദ്ധതി ആവിഷ്കരിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനായി 100000/-രൂപ 24.03.2017-ൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയായി ഉപകരണങ്ങൾ ഒന്നും തന്നെ കോർപ്പറേഷൻ ലഭ്യമാക്കിയിട്ടില്ല. ആശുപത്രിയുടെ ദൈനം ദിന പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാത്തത് കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ ഭാഗത്തുനിന്നും ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനയിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 ആശുപത്രികൾക്ക് മരുന്നുവാങ്ങൽ– മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

പ്രാഥമിക ആരോഗ്യ കേന്ദ്രം, ആയുർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് യഥാക്രമം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം/പ്രോ.നം | മുൻകൂറായി നൽകിയ തുക/ ബിൽ നമ്പർ | ലഭിയ്ക്കുവാനുള്ള മരുന്ന് (രൂപയിൽ) / സ്ഥാപനം |
|---|---|---|---|
| 1 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ, (S. 50/16-17) | 50000(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) Bill No.03/16-17 /27.02.17 | 50000/- KMSCL |
| 2 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ (S.42/16-17) | 100000(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) Bill No.01/16-17 /20.03.17 | 100000/- HOMCO |
| 3 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (S.35/16-17) | 300000/- Bill No-09/16-17 /14.11.16 Bill No-25/16-17 /18.02.17 | 87516/- |
| 4 | പാലിയേറ്റീവ് കെയർ–മരുന്ന് വാങ്ങൽ (S.43/16-17) | 160600/-(ജില്ലാ പഞ്ചായത്ത് വിഹിതം) | 160600/- |

ആകെ

അവശ്യമരുന്നുകൾ സമയബന്ധിതമായി ലഭിക്കാത്തതുമൂലം പദ്ധതി ലക്ഷ്യം കാണാതെ പോകുകയാണ് ചെയ്തത്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 3-14 ഓ.ഡി.എഫ്- കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല

സ്വച്ഛഭാരത് മിഷൻ പദ്ധതി മുഖേന കക്കൂസ് നിർമ്മിക്കുന്നതിന് 1401600രൂപ വികസന ഫണ്ടും 25200രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും ചെലവഴിച്ച് പദ്ധതി (SO.146/17) നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 108 ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിൽ 92 ഗുണഭോക്താക്കൾ തുക കൈപ്പറ്റി കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 16 ഗുണഭോക്താക്കൾ ആദ്യ ഗഡുവായ 6000രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. ഇവർ നാളിതുവരെ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ, നിർമ്മാണം പൂർത്തീകരിക്കുവാൻ ഗുണഭോക്താവിന് കഴിയാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

# 3-15 അട്ടക്കുളം പുത്തൻപുരപ്പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം-റീട്ടെൻഷൻ തുക തനതുഫണ്ടിൽ നിക്ഷേപിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | S.184/16 (SO.77/17) |
| കൺവീനർ | ബിജി.കെ.വർഗീസ്, കൊല്ലകുന്നേൽ |
| ചെലവുവിവരം | ബിൽ തീയതി 30.3.16- രൂ.319549(പാർട്ട് ബില്ല്)<br>ബിൽ നം.4/5.10.16 - രൂ.105231(ഫൈനൽ ബില്ല്) |

2015-16 വർഷം പ്രസ്തുത മരാമത്ത് പ്രവൃത്തിയുടെ ആദ്യ പാർട്ട് ബില്ല് പ്രകാരമുള്ള തുക 319549/-രൂപയിൽ നിന്ന് നികുതികളും, റീട്ടെൻഷൻ തുകയും കുറവ് ചെയ്തിട്ടാണ് കൺവീനർക്ക് 292920രൂപ പ്രതിഫലം നൽകിയിരുന്നത്. റീടെൻഷൻ തുക കറവുചെയ്താണ് കൺവീനർക്ക് പ്രതിഫലം നൽകിയതെങ്കിലും, ആയത് വർക്ക് ബില്ലിലും, എം ബുക്കിലും രേഖപ്പെടുത്തിയില്ല എന്ന് ഫയലിൽ നിന്നും വ്യക്തമായി. പാർട്ട് ബില്ല് പ്രകാരം റീട്ടെൻഷൻ ഉൾപ്പെടെയുള്ള തുക മുൻവർഷം പിൻവലിക്കേണ്ടിയിരുന്നതും, റീടെൻഷൻ തുക തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്നതും, ഫൈനൽ പേയ്മെന്റ് നടത്തുമ്പോൾ കൺവീനർക്ക് തനതുഫണ്ടിൽ നിന്നും പ്രസ്തുത തുക നൽകേണ്ടതുമായിരുന്നു. കൺവീനർ/കരാറുകാർ പ്രവൃത്തി പൂർത്തീകരിക്കാതെ കരാർ ലംഘനം നടത്തുകയാണെങ്കിൽ സർക്കാരിന്/പഞ്ചായത്തിന് നഷ്ടം ഉണ്ടാകാതിരിക്കാനാണ് ഇപ്രകാരം മുൻകരുതൽ സ്വീകരിക്കുന്നത്. എന്നാൽ അപ്രകാരം റീടെൻഷൻ തുക മാറി തനത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല. പകരം 2016-17 വർഷം ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ റീടെൻഷൻ തുകയിനത്തിലെ 33287രൂപ കൂടി കൂട്ടിയാണ് മെയിന്റനൻസ് ഗ്രാന്റ് പിൻവലിച്ചത്. മുൻവർഷം

മെയിന്റനൻസ് ഗ്രാന്റിനത്തിൽ ഉൾപ്പെടുത്തേണ്ടതായ ചെലവ് അപ്രകാരം കാണിക്കാതെ തൻവർഷം ചെലവഴിച്ചത് ശരിയായ നടപടിയല്ല. നടപടിക്രമങ്ങൾ ശരിയായ രീതിയിൽ പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 മരാമത്ത് പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

Public Works (H) Department-ന്റെ 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD Data (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം ആവിഷ്കരിച്ച മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരുന്നത്. 2016-17 വർഷം ഏതാനും സ്പിൽ ഓവർ പ്രൊജക്റ്റുകളിലും ഈ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്ത് തുക ചെലവഴിച്ചിട്ടുണ്ട്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) Base rate 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്). PWD ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.4.2014 മുതൽ ബാധകമായ കോസ്റ്റ് ഇൻഡക്സ് 40.95% ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.76/m3 ആണ്(4753.29X1.4095). എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിന്റെ നിരക്കിനു പകരം, തറ കോൺക്രീറ്റ് ചെയ്ത് നിരപ്പാക്കുന്നതിന്റെ നിരക്കാണ് നൽകിയത്.(Flooring; DSR Code: 11.7). അതായത്, 7058.78/m3 എന്ന നിരക്കാണ് കൺവീനർമാർക്ക് അനുവദിച്ചു നൽകിയത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സ്പിൽ ഓവർ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം./പേര്/ അടങ്കൽ തുക/ ഫണ്ട് | കൺവീനർ/ ബിൽ നം. തീയതി,തുക | കോൺക്രീറ്റിംഗിന്റെ അളവ്, അനുവദിച്ച നിരക്ക്, തുക | അനുവദിക്കാവുന്ന തുക (@6699.76/ m3) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | SO.67/17(S.83/16)- പൂവത്തുംമൂട്ടിൽ പടി പെരുമ്പെട്ടിമൺ റോഡ് കോൺക്രീറ്റിംഗ്. | ഷാജൻ.പി.എബ്രഹാം ബിൽ നം.1/16-17 /30.9.16 -രൂ.99854 | 6.59m3 @7059/m3 = 46518.81 | 44151.42 | 2367 |
| 2 | SO.69/17(S.88/16)- ഈട്ടിക്കൽ ആറ്റുകുഴി നടപ്പാത കോൺക്രീറ്റിംഗ് | ജോൺ ചാക്കോ ബിൽ നം.3/16-17 /30.9.16 -രൂ.199653 | 13.18m3 @7059/m3 = 93037.62 | 88302.84 | 4735 |
| ആകെ | | | | | **7102** |

മേൽ പറഞ്ഞ പ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുകകൾ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും(ശ്രീമതി രാജവല്ലി.എൻ.എസ്), സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-17 മരാമത്തുപ്രവൃത്തികൾ - ഉത്തരവുകൾ പാലിക്കുന്നില്ല - രേഖകൾ അപൂർണ്ണം

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1 /13/തസ്വഭവ-പ്രകാരം, ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്റ്റിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി.എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. 2016-17വർഷം കേവലം 2 പ്രവൃത്തികൾ ഒഴികെ മറ്റെല്ലാ മരാമത്തുപ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖേനയാണ് നിർവ്വഹിച്ചത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം-13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി.എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്നും പദ്ധതി നിർവ്വഹണമാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും സുതാര്യത യില്ലാത്തതാണ്. നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ കാഷ് ബില്ലുകൾ, സംയുക്ത അക്കൗണ്ടിന്റെ പാസ് ബുക്ക് മുതലായവ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റുകൾ പൂർണ്ണമായി എഴുതാതെയും ഗുണഭോക്തൃകമ്മറ്റി അംഗങ്ങൾ ഒപ്പിടാതെയും കാണുന്നു. വരവ്-ചെലവു കണക്കുകൾ ഗുണഭോക്തൃകമ്മറ്റി യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തിട്ടില്ല എന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

വിവിധ മരാമത്തുപ്രവൃത്തികളുടെ ഫയലുകളിൽ കാണപ്പെട്ട ഏതാനും അപാകതകൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി, കൺവീനർ | ബിൽ നം.,തീയതി | അപാകത |
|---|---|---|---|
| 1 | S.89/17- നല്ലൂർ പടവ് നടുക്കെപടി റോഡ് കോൺക്രീറ്റിംഗ്. | ബിൽ നം.19/ 20.3.17- രൂ.154661, | മസ്റ്റർറോളിൽ(രൂ.52920) തൊഴിലാളികളുടെ ഒപ്പില്ല. മെറ്റൽ, എം.സാന്റ് എന്നിവയുടെ വിവരം |

| | | | |
|---|---|---|---|
| | (എ.റ്റി.സക്കറിയ) | ബിൽ നം.20/ 20.3.17- രൂ.100000 | വെള്ളപേപ്പറിൽ രേഖപ്പെടുത്തിയ ഒരു കൈപ്പറ്റരസീതിൽ തുക (രൂ.86300) കൈപ്പറ്റിയയാളിന്റെ പേരും വിലാസവും ഒപ്പുമില്ല. |
| 2 | S.92/17- പുള്ളോലി കാരിവേലിപ്പടി റോഡ് കോൺക്രീറ്റിംഗ്. (പി.എസ്.എബ്രഹാം) | ബിൽ നം.22/ 20.3.17- രൂ.149799 | മെറ്റൽ, എം.സാന്റ് എന്നിവയുടെ വിവരം വെള്ളപേപ്പറിൽ രേഖപ്പെടുത്തിയ ഒരു കൈപ്പറ്റരസീതിൽ തുക (രൂ.50189) കൈപ്പറ്റിയയാളിന്റെ പേരും വിലാസവും ഒപ്പുമില്ല. ലോറി നമ്പരും എഴുതിയിട്ടില്ല. |
| 3 | S.133/17- അട്ടക്കുളം പുത്തൻപുരപ്പടി റോഡ് കോൺക്രീറ്റിംഗ്. (ബിജി.കെ.വർഗീസ്) | ബിൽ നം.33/28.3.17- രൂ.299597 | എഗ്രിമെന്റിൽ ഗുണഭോക്തൃകമ്മറ്റിയംഗങ്ങൾ ഒപ്പുവെച്ചിട്ടില്ല. 56530രൂപയുടെ മസ്റ്റർറോളിൽ തൊഴിലാളികളുടെ പേരുമില്ല, ഒപ്പുമില്ല. 2400രൂപയുടെ മറ്റൊരു മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഒപ്പില്ല. |
| 4 | S.122/17- വട്ടേമണ്ണിൽ പടി ദേവി ക്ഷേത്ര റോഡിന് ഡ്രെയിൻ നിർമ്മാണം. (സുരേഷ് കുമാർ) | ബിൽ നം.21/20.3.17- രൂ.99937 | 22584രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഒപ്പില്ല. |
| 5 | S.123/17- അമ്പലക്കുളങ്ങര പടി ചെറുകരപ്പടി റോഡ് ഡ്രെയിനേജ്. (സുരേഷ് കുമാർ) | ബിൽ നം.23/20.3.17- രൂ.148227 | 22936രൂപയുടെയും 10028രൂപയുടേയും മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ ഒപ്പില്ല. |
| 6 | S.130/17- മാക്കൽ പടി കുന്നല്ലൂർകുന്ന് റോഡ് കോൺക്രീറ്റിംഗ്. (എം.വി.ഐസക്) | ബിൽ നം.40/28.3.17- രൂ.149804 | 19956രൂപയുടെയും 13616രൂപയുടേയും മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ ഒപ്പില്ല. |

കൃത്യമായ രേഖകളുടെ അഭാവത്തിൽ കൺമാർക്ക് പ്രതിഫലം നൽകുന്നത് ശരിയായ നടപടിയല്ല. കൃത്യവും ആധികാരികവുമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അപാകതകൾ ഭാവിയിൽ ആവർത്തിക്കുന്ന പക്ഷം ചെലവ് തുകകൾ നിരാകരിച്ച് ഉത്തരവാദിയായ എഞ്ചിനീയറുടെയും, ഓവർസിയറുടെയും പേരിൽ ബാദ്ധ്യത നിശ്ചയിക്കുന്നതായിരിക്കും.

അപൂർണ്ണമായ എഗ്രിമെന്റുകളാണ് താഴെ പറയുന്ന പ്രവൃത്തികളുടെ ഫയലിൽ കാണുന്നത്. ചിലതിൽ ഗുണഭോക്തൃകമ്മറ്റിയംഗങ്ങളുടെ പേരുവിവരവും ഒപ്പും ഇല്ല. കമ്മറ്റിയംഗങ്ങളെ പ്രസ്തുത പ്രവൃത്തികളിൽ

പൂർണ്ണമായി സഹകരിപ്പിച്ചില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

1. S.124/17- ചിരട്ടമണ്ണിൽ ചാത്തേറ്റിപ്പടി റോഡ് കോൺക്രീറ്റിംഗ്.

2. S.161/17- മന്നത്തുപടി കുന്നേൽപടി റോഡ് കോൺക്രീറ്റിംഗ്.

3. S.107/17- അട്ടക്കുളം പുത്തൻപുരപ്പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 200000/- | പാലിയേറ്റീവ് കെയർ പദ്ധതി | 200000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 81250/- | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 81250/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000/- | ക്ഷീരകർഷകർക്ക് സബ്സിഡി | 200000/- | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർ നമ്പർ./ ബിൽ നമ്പർ/ തീയതി | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 38/16-17 | അംഗനവാടി വാട്ടർകണക്ഷൻ | 100000 | വൗച്ചർ നം. 21600670/ 30.3.17 | കേരളാ വാട്ടർ അതോറിറ്റി | |
| 2 | 37/16-17 | പി.എച്ച്.സി സബ്സെന്റർ കുടിവെള്ളം | 50000 | ബിൽ നം.44/ 30.3.17 | കേരളാ വാട്ടർ അതോറിറ്റി | വിനിയോഗ വിവരം ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

## നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | നം.563/2010/ തീയതി 22.2.10 | 4070000 | 2342300 | 215800 | 89528 | 2126500 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേര് | രസീത് നം |
|---|---|---|---|---|
| 2005-06 | 3-9 | 1800 | ശ്രീ. ബാബുരാജൻ. സെക്രട്ടറി | 11605102402/ തീ-22.02.17 |
| 2014-15 | 3-5 | 11141 | ശ്രീമതി ബിന്ദു വേലായുധൻ, അസി.എഞ്ചിനീയർ | 11605100560/ തീ.18.7.16 |
| 2015-16 | 3-8 | 1600 | ശ്രീ രാജഗോപാൽ, സെക്രട്ടറി | 11605101910/ തീ.20.12.16 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-5 | 2003-04 | 2-5 | ആനിക്കാട് പഞ്ചായത്തിലെ കടവുകളിൽ മണൽ ലേലം ചെയ്ത തുക തിരികെ നൽകിയത് സംബന്ധിച്ച് | പരാമർശം ഒഴിവാക്കിയിട്ടുണ്ട്. (കെ.എസ്.എ. പി.റ്റി.എ/p1 /642/16 നമ്പർ കത്ത്) |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 37512017 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33101133 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45502 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 749438 |

**(ബി)** ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | | 38400 | ഡോ.അഞ്ജലികൃഷ്ണ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-16 | | 7102 | ശ്രീമതി രാജവല്ലി.എൻ.എസ്, അസി.എഞ്ചിനിയർ<br>ശ്രീമതി ബിന്ദു വേലായുധൻ, അസി.എക്സി.എഞ്ചിനിയർ |
| ആകെ | | **45502** | |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 100000 | ശ്രീ വി.മുകുന്ദൻ, സെക്രട്ടറി |
| 3-3 | 50000/- | ഡോ.ജിജി ജഗന്നാഥൻ, വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 3-4 | 168420/- | ശ്രീ.സജൻ, വി.ഇ.ഒ - 115000/-രൂപ<br>ശ്രീ വി.മുകുന്ദൻ, സെക്രട്ടറി - 53420/-രൂപ |
| 3-8 | 106400/- | ശ്രീ വി.മുകുന്ദൻ, സെക്രട്ടറി |
| 3-10 | 324618/- | ശ്രീ വി.മുകുന്ദൻ, സെക്രട്ടറി |
| ആകെ | **7,49,438** | |

**(ഡി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാജവല്ലി.എൻ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>അയിരൂർ ഗ്രാമപഞ്ചായത്ത് | നെല്ലിക്കുന്നത്, കുറിച്ചിമുട്ടം പി ഒ, പത്തനംതിട്ട 689532 |
| ശ്രീമതി ബിന്ദു വേലായുധൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ,<br>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | പ്രസാദം, കവിയൂർ പി ഒ,<br>തിരുവല്ല, പത്തനംതിട്ട ജില്ല |
| ശ്രീ. വി മുകുന്ദൻ, സെക്രട്ടറി | സെക്രട്ടറി, വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത് | ഏഴോലിയ്ക്കൽ, മാടപ്പള്ളി പി ഒ,<br>ചങ്ങനാശ്ശേരി 686546 |
| ഡോ.ജിജി ജഗന്നാഥൻ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>ആനിക്കാട് | ബാലചന്ദ്ര ഭവനം,<br>തോന്നല്ലൂർ പി.ഒ, പന്തളം |
| ശ്രീ.സജൻ, വി.ഇ.ഒ | വി.ഇ.ഒ, ആനിക്കാട് | സജൻഭവനം, വെള്ളറട.പി.ഒ, തിരുവനന്തപുരം |
| ഡോ.അഞ്ജലി കൃഷ്ണ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, ആനിക്കാട് | വിജയ മന്ദിരം, മുഖത്തല.പി.ഓ,<br>കൊല്ലം-691577 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* |
|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ.പി2-529/04/7.11.2000 |
| 1998-99 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-362/02/13.2.2003 |
| 2000-01 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-128/04/14.6.2004 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676(എ)/05/10.2.2006 |
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-129/04/4.9.2004 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676(ബി)/05/10.2.2006 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി5-830/07/19.3.2008 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി8-147/10/21.11.2011 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി7-802/10/4.10.2011 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി7-803/10/4.10.2011 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി7-545/11/9.12.2011 |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി7-559/11/13.12.2011 |
| 2008-09മുതൽ 2011-12 വരെ | എൽ.എഫ്.പിറ്റിഎ.പി7-39/13/10.5.2013 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി7-1152/14/17.12.2011 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി7-558/15/4.7.2015 |
| 2014-15 | എൽ.എഫ്.പിറ്റിഎ.പി7-597/16/1.6.2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി7/1184/16/ തീ-10.11.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട ജില്ല

# **1**

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

**അനുബന്ധം-1**

നം.കെ.എസ്.എ.പി.റ്റി.എ.പി.7/1128/17 തീയതി 5.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

## Annexure – 1

No.KSAPTA-P.7/1128/2017 Dated 5.10.2017

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Anicadu Grama Panchayat** in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Anicadu Grama Panchayat** for the year 2016-17, except the obeservations in my report, properly presents the picture of income and expenditure.

**Habeeb Mohammed**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**